# Fourth Round of Foreign Office Consultations between India and Tunisia

April 30, 2021

---

## ഇന്ത്യയും ടുണീഷ്യയും തമ്മിലുള്ള ഫോറിൻ ഓഫീസ് കൺസൾട്ടേഷന്റെ നാലാം ഘട്ടം

ഏപ്രിൽ 30, 2021

ഇന്ത്യ-ടുണീഷ്യ ഫോറിൻ ഓഫീസ് കൺസൾട്ടേഷന്റെ നാലാം ഘട്ടം 2021 ഏപ്രിൽ 30 ന് വെർച്ചൽ മോഡിൽ നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ സഞ്ജയ് ഭട്ടാചാര്യ സെക്രട്ടറി (CPV & OIA) യും ടുണീഷ്യൻ വിഭാഗത്തിന് സ്റ്റേറ്റ് സെക്രട്ടറി ശ്രീ മുഹമ്മദ്ദാലി നഫ്റ്റിയും നേതൃത്വം നൽകി. അംബാസിഡർമാർ ഉൾപ്പടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ഇരു ഭാഗങ്ങളിൽ നിന്നും മീറ്റിങ്ങിൽ പങ്കെടുത്തു.

ഇരുപക്ഷവും ഊഷ്മളവും സൗഹാർദ്ദപരവുമായ പരമ്പരാഗത ബന്ധങ്ങളെ നിരീക്ഷിക്കുകയും രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക, വ്യാപാരം, കോൺസുലാർ എന്നിവയുൾപ്പെടെ എല്ലാ മേഖലകളിലെയും ഉഭയകക്ഷി ബന്ധത്തിന്റെ നിലവിലെ സ്ഥിതി സമഗ്രമായി അവലോകനം ചെയ്യുകയും ചെയ്തു. ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ഉഭയകക്ഷി സഹകരണത്തിന്റെ വളർച്ചയുടെ ഭാവി ദിശയെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. 2021-22 ൽ ആഘോഷിക്കുന്ന, ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 75 വാർഷികത്തിന് ടുണീഷ്യൻ പക്ഷം സന്തോഷവും പിന്തുണയും പ്രകടിപ്പിച്ചു. ഇന്റർനാഷണൽ സോളാർ അലിയൻസിൽ ചേരുന്നതിനുള്ള ട്യുണീഷ്യയുടെ തീരുമാനത്തെ ഇന്ത്യൻ വിഭാഗം സ്വാഗതം ചെയ്തു.

സാമ്പത്തിക-സാങ്കേതിക ഇടപെടൽ വിപുലീകരിക്കുന്നതിന്റെ പ്രാധാന്യവും ഇരുപക്ഷവും നിരീക്ഷിച്ചു. വ്യാപാരത്തിന്റെ അളവിലെ സ്ഥിരമായ വർദ്ധനവ് അവർ ആവശ്യപ്പെട്ടു. പുനരുപയോഗ ഊർജ്ജം, അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗതം, വാഹനങ്ങൾ, തുണിത്തരങ്ങൾ, കൃഷി, മരുന്ന് & ഫാർമസ്യൂട്ടിക്കൽസ്, ആരോഗ്യപരിചരണം,ICT , SME കൾ കൂടാതെ ഊർജം എന്നീ മേഖലകളിൽ നിക്ഷേപത്തിനുള്ള അവസരങ്ങൾ അവർ നിരീക്ഷിച്ചു. പരസ്പരം അനുകൂല്യമുള്ള രീതിയിൽ അടുത്തിടപഴകുന്നതിന് അവർ ബിസിനെസ്സ് സമൂഹത്തോട് ആവശ്യപ്പെട്ടു.

കോവിഡ് -19 പകർച്ചവ്യാധിയുടെ ആഘാതം ലഘൂകരിക്കാനുള്ള നടപടികളെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്യുകയും കോവിഡ്-19 അനുബന്ധിച്ചുള്ള വിഷയങ്ങളിലെ സഹകരണത്തെ അഭിനന്ദിക്കുകയും ചെയ്തു.

ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിൽ അംഗങ്ങൾ എന്ന നിലയിൽ,ആഗോള പ്രശ്നങ്ങളിൽ ഇരുപക്ഷവും തമ്മിലുള്ള കാഴ്ചപ്പാടുകളുടെ പൊതുവായ സ്വഭാവം അടിവരയിട്ടു കൊണ്ട് പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദ്ദേശീയ പ്രശ്നങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളും അവർ കൈമാറി.

പതിവ് സന്ദർശനങ്ങളും കൂടിയാലോചനകളും നടത്തുന്നതിലൂടെ ബന്ധത്തിലെ പുരോഗമനപരമായ ആവേഗം നിലനിർത്തുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് ഇരുപക്ഷവും യോജിച്ചു, അടുത്ത മന്ത്രി തല ജോയിന്റ് കമ്മീഷൻ യോഗം പരസ്പരം സൗകര്യപ്രദമായ തീയതിയിൽ,ന്യൂഡൽഹിയിൽ വച്ച് നടത്തുന്നതിന് സമ്മതിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**

**30 ഏപ്രിൽ, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.